ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ആദ്യം ചോദ്യം ചോദിച്ചതിനു മറുപടി പറഞ്ഞില്ല. ഇപ്പോഴുണ് അതിനു വേറെ രൂപത്തിൽ മറുപടി പറഞ്ഞത്. മാനസിക് രോഗികളെ ചികിൽസിക്കുന്നതിനുവേണ്ടി എല്ലാ ഗവൺമെൻറ് ആശുപത്രികളിലും മാനസിക രോഗ ചികിൽസക്ക് വിദഗ്ദ്ധൻമാരായ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : രോഗങ്ങളും പരിശോധിക്കുന്നയവസരത്തിൽ മാനസീക രോഗമാണെന്ന് കാണുകയാണെങ്കിൽ ആ രോഗികളെ മാനസിക രോഗആശുപത്രിയിലേക്ക് അയയ്ക്കും. എല്ലാ ആശുപത്രികളിലും മാനസിക രോഗികളുടെ ചികിൽസയും മാനസിക രോഗികളെ കിടത്തി ചികിൽസിക്കുകയും ചെയ്താൽ ആശുപത്രിയുടെ ഇന്നത്തെ സ്ഥിതിയിൽത്തന്നെ വലിയ മാറ്റം വരും. അവിടെ പരിശോധിക്കുന്നതിനിടയിൽ മാനസിക രോഗികളാണെന്ന് കാണുകയാണെങ്കിൽ നമ്മുടെ മൂന്നു മാനസികരോഗ ആശുപത്രികളിലേക്കും ഈ രോഗികളെ ചികിൽസക്കായി അയയ്ക്കുകയാണ് പതിവ്.

ശ്രീ. എ.സി. ഷൺമുഖദാസ് : കോഴിക്കോട് മാനസികരോഗ ആശുപത്രിയിൽ കൃഷ്ണമൂർത്തി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കുറെ ദിവസങ്ങളായി സത്യാഗ്രഹം നടക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവിടെ, ഈ വായിച്ച റിപ്പോർട്ടുപ്രകാരം ഒന്നും നടപ്പാക്കിയിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറ് എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കോഴിക്കോട് മാനസികരോഗാശുപത്രി ഒരു സൊസൈറ്റിയുടെ പേരിലാണ് നടന്നിരുന്നത്. സൊസൈറ്റിയുടെ പേരിൽ ആയിരുന്നതുകൊണ്ട് നമുക്ക് പല വികസന പ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് കൃഷ്ണമൂർത്തി കമ്മിഷൻ ശുപാർശ ചെയ്തതനുസരിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് ഡയക്ടറുടെ നിയന്ത്രണത്തിലാക്കുകയും അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഈയടുത്തകാലത്ത് ഹെൽത്ത് സെക്രട്ടറിയും ഡയറക്ടറും പോയി അവിടെ പരിശോധിച്ചു കഴിഞ്ഞതിനുശേഷം ഡിപ്പാർട്ടുമെൻറ് പല രീതിയിലുള്ള വികസന പ്രവർത്തനങ്ങളും അവിടെ നടത്തുകയുണ്ടായി. കോഴിക്കോട് മാനസിക രോഗാശുപത്രിയെ സംബന്ധിച്ചിടത്തോളം വളരെയധികം ആക്ഷേപങ്ങളുണ്ടായിരുന്നു. അത് ഓരോന്നോരോന്നായി മാറ്റാനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. 19-1-1986-ലാണ് ആരോഗ്യവകുപ്പിന്റെ കീഴിലേക്ക് ഇത് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ട്രാൻസ്ഫർ ചെയ്തതിനുശേഷം അവിടെയുണ്ടായിട്ടുള്ള പരാതികളും പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സാഡിസം ഒരു മാനസിക രോഗമാണോ ; അങ്ങനെയാണെങ്കിൽ ഈ നേഴ്സിംഗ് വിദ്യാർത്ഥികളടക്കമുള്ള വരോട് ഒരു സാഡിസം രീതിയിൽ പെരുമാറുന്ന ഈ ഗവൺമെൻറിനെ മാനസിക രോഗാശുപത്രിയിൽ അയയ്ക്കാൻ തയ്യാറുണ്ടോ ?

(ഉത്തരം പറഞ്ഞില്ല.)

പഞ്ചായത്തുകളിലെ കെട്ടിടനിർമ്മാണച്ചട്ടവും കെട്ടിടവാടക നിയന്ത്രണച്ചട്ടവും

* 169. [188] ശ്രീ. പി. വി. മുഹമ്മദ് :

,, പി. കെ. കുഞ്ഞാലിക്കുട്ടി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കെ.പി. രാമൻ :

,, നാലകത്തു സൂപ്പി :

,, എം. പി. എം. ഇസ്‌ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മുനിസിപ്പൽ ആക്ടിന് പ്രകാരമുള്ള കെട്ടിടനിർമ്മാണ ചട്ടവും, കെട്ടിട വാടക നിയന്ത്രണച്ചട്ടവും പഞ്ചായത്തുകളിൽ ബാധകമാക്കിയിട്ടുണ്ടോ ;

(ബി) കെട്ടിടനിർമ്മാണച്ചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാം ;

(സി) കെട്ടിടവാടകച്ചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാം ;

(ഡി) ഈ രണ്ടു ചട്ടങ്ങളും പഞ്ചായത്തുകളിൽ ബാധകമാക്കാൻ ഗവൺമെൻറ് സ്വീകരിച്ച മാനദണ്ഡമെന്താണ് ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) കുറെ പഞ്ചായത്തുകളിൽ ബാധകമാക്കിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് ‡

(സി) കെട്ടിടവാടക നിയന്ത്രണചട്ടം ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് ‡

(ഡി) പഞ്ചായത്തു പ്രദേശത്തിന്റെ നാഗരിക സ്വഭാവവും വളർച്ചയും കണക്കിലെടുത്തു ആസൂത്രിത വികസനം ആവശ്യമായിത്തീരുമ്പോഴാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഓരോ പഞ്ചായത്തു പ്രദേശത്തും നടപ്പാക്കുന്നത്. കെട്ടിട വാടക നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ, പഞ്ചായത്തിലെ വാടക കെട്ടിടങ്ങളുടെ ദൗർബല്യ മൂലമുണ്ടാകുന്ന അമിതമായ വാടക, പഞ്ചായത്തിന്റെ നാഗരിക സ്വഭാവം, വന്നുപോയിക്കൊണ്ടിരിക്കുന്ന ജനസംഖ്യ, വാടക നിയന്ത്രണ നിയമം നടപ്പിലാക്കുന്നത് പഞ്ചായത്തിന്റെ ഭാവി വികസനത്തിനെ പ്രതികൂലമായി ബാധിക്കുകയില്ല എന്നിവയാണ്.

ശ്രീ. കെ. പി. രാമൻ : കെട്ടിട വാടകച്ചട്ടം എന്തുതന്നെയായാലും പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ അവർക്കു തോന്നിയവിധത്തിൽ കെട്ടിടങ്ങൾക്ക് വാടക ഈടാക്കുന്ന രീതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് ?

ശ്രീ. സി. എം. സുന്ദരം : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. പി. രാമൻ : കെട്ടിടനിർമ്മാണച്ചട്ടവും കെട്ടിടവാടകച്ചട്ടവും എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കാത്തതെന്തുകൊണ്ടാണ് ?

ശ്രീ. സി. എം. സുന്ദരം : ഞാൻ നേരത്തെ പറഞ്ഞ കാരണം തന്നെയാണ്.

ഉദുമാടൻ മേഖലയിൽ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ

* 170. [189] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമാടൻ മേഖലയിൽ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപവൽക്കരിക്കുന്നതിനു എന്തു നടപടി സ്വീകരിച്ചു ;

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly